സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 17 2025 മാർച്ച് 21 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്കൂൾ വിദ്യാർഥികൾക്ക് 4 കിലോഗ്രാം വീതം അരി

തൃശൂർ : ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് 4 കിലോഗ്രാം വീതം അരി വിതരണം ചെയ്യും. 26,16,657 വിദ്യാർഥികൾക്കാണ് അരി ലഭിക്കുക. പദ്ധതിയിൽ ഉൾപ്പെടുന്ന പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു.സ്കൂൾ അവധിക്കാലത്തിന് മുന്നോടിയായാണ് അരി വിതരണം ചെയ്യുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോയുടെ കൈവശം സ്റ്റോക്ക് ഉള്ള 17,417 മെട്രിക് ടൺ അരിയിൽ നിന്നാണ് വിതരണം ചെയ്യുന്നത്. ഇതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകുന്ന ഉത്തരവ് പുറത്തിറങ്ങി. അരി സപ്ലൈകോ സ്കൂളുകളിൽ നേരിട്ട് എത്തിച്ച് നൽകും.

പ്രശ്നപരിഹാരമാകാത്തതിന് പിന്നിൽ ആശമാരുടെ നിർബന്ധബുദ്ധിയും ശാഠ്യവും: എംബി രാജേഷ്

തിരു: സമര രംഗത്തുള്ള ആശ പ്രവർത്തകർ നിർബന്ധബുദ്ധിയും ശാഠ്യവും പിടിച്ചതുകൊണ്ടാണ് ചർച്ചയിൽ പ്രശ്ന പരിഹാരമുണ്ടാകാതിരുന്നതെന്ന് മന്ത്രി എം.ബി. രാജേഷ്. സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ ഏതെങ്കിലും തരത്തിലുള്ള പിടിവാശിയല്ല ഇതിന് പിന്നിലെന്നും മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എം.ബി. രാജേഷ് നിയമസഭയിൽ പറഞ്ഞു.

ആശ പ്രവർത്തകരുടെ പ്രശ്നത്തോട് സർക്കാരിന് എല്ലാ കാലത്തും അനുഭാവപൂർവ്വമായ നിലപാടാണുള്ളത്. അതുകൊണ്ടാണ് മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത്. എന്നാൽ സമരരംഗത്തുള്ളവരെ നയിക്കുന്ന ചിലർക്ക് ഈ സമരത്തിൽ ആശമാരുടെ ആവശ്യം നിറവേറ്റുകയെന്നതല്ല ലക്ഷ്യം. ഹെൽത്ത് വർക്കർമാരായി അംഗീകരിക്കാതെയിരിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിനെ സഹായിക്കുന്ന സമരമാണ് നടക്കുന്നത്. രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഒരു സമരത്തെ ആരു ശ്രമിച്ചാലും പരിഹരിക്കാൻ സാധിക്കുകയില്ല. ചർച്ച ചെയ്തു പരിഹരിക്കാവുന്ന പ്രശ്നങ്ങൾ പരിഹരിച്ചു കഴിഞ്ഞു. സമരക്കാർ രാഷ്ട്രീയ ക്ഷ്യത്തോടെയുള്ള പിടിവാശി ഉപേക്ഷിച്ചാൽ സമരം പരിഹരിക്കാവുന്നതാണെന്നും മന്ത്രി പറഞ്ഞു.

7000 രൂപ ഓണറേറിയവും 3000 ഫിക്സഡ് ഇൻസ്റ്റന്റീവുമാണ് ആശമാർക്ക് ലഭിക്കുന്നത്. 3000 രൂപയിൽ 1800 രൂപ കേന്ദ്രവും 1200 രൂപ സംസ്ഥാനവുമാണ് നൽകുന്നത്. ഫലത്തിൽ കേരളം മാത്രമായി ആശവർക്കർമാർക്ക് നൽകുന്നത് 8200 രൂപയാണ്. ന്യായമായിട്ടും സമരം കേന്ദ്ര സർക്കാരിനെതിരെയാണ് ഉയരേണ്ടത്. ഒരു കേന്ദ്ര ട്രേഡ് യൂണിയനും ഈ സമരത്തിനൊപ്പമില്ല. ആശവർക്കർമാരെ വോളണ്ടിയർമാരായല്ല ജീവനക്കാരായി അംഗീകരിക്കണമെന്നാണ് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ആവശ്യം.

കേന്ദ്രസർക്കാർ മാർഗരേഖ അനുസരിച്ച് സ്ത്രീ വോളണ്ടിയർ എന്നതൊഴിച്ച് മറ്റു മാർഗ നിർദേശങ്ങളിൽ സംസ്ഥാന സർക്കാരിന് മാറ്റങ്ങൾ വരുത്താവുന്നതാണ്. ഇവരെ വോളണ്ടിയർമാർ എന്നതിന് പകരം ജീവനക്കാരായി മാറ്റിയാൽ അടിസ്ഥാന വേതനം ഉറപ്പാക്കേണ്ടി വരും. പെൻഷൻ, ഇഎസ്ഐ, പിഎഫ് ഉൾപ്പെടെ നൽകേണ്ടി വരും. അത് കിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന് വേണ്ടിയാണ് സ്ത്രീ വോളണ്ടിയർ എന്നതിൽ മാറ്റം വരുത്തരുതെന്ന് മാർഗരേഖയിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്നത്. ആശവർക്കർമാരെ വോളണ്ടിയർമാരായല്ല ജീവനക്കാരായി അംഗീകരിക്കണമെന്നാണ് കേരളത്തിന്റെയും ആവശ്യമെന്നും മന്ത്രി സഭയിൽ പറഞ്ഞു.

കേന്ദ്ര സർക്കാർ രാജ്യസഭയിൽ കഴിഞ്ഞ ദിവസം കൊടുത്ത മറുപടിയിൽ കേരള സർക്കാർ ആശ പ്രവർത്തകർക്ക് നൽകുന്ന ഓണറേറിയം 6000 രൂപയാണെന്നാണ്. സമരം ചെയ്യുന്നവർക്കുൾപ്പെടെ സർക്കാർ നൽകുന്നത് 7000 രൂപയാണെന്നതിൽ തർക്കമില്ല. സാധാരണ ഇത്തരത്തിൽ സഭയിൽ ഒരു ചോദ്യം വന്നാൽ സംസ്ഥാനത്ത് നിന്ന് വിവരം ശേഖരിച്ചാണ് മറുപടി നൽകുക. എന്നാൽ അത്തരത്തിൽ സംസ്ഥാനത്ത് നിന്ന് വിവരം ശേഖരിച്ചിട്ടില്ല. ഇതിൽ രാഷ്ട്രീയ ലക്ഷ്യം സംശയിക്കേണ്ടതായുണ്ട്. രാജ്യസഭയിലെ എം പിമാർക്ക് ഇതിൽ സഭയെ തെറ്റിധരിപ്പിച്ചത് ചൂണ്ടിക്കാട്ടി അവകാശ ലംഘനത്തിന് നോട്ടീസ് നൽകാൻ സാധിക്കുമെന്നും മന്ത്രി കൂട്ടിചേർത്തു.

'കേന്ദ്രമന്ത്രിയെ കാണാൻ അനുമതി തേടിയതാണോ പ്രശ്നം?'; മാധ്യമങ്ങളെ പഴിച്ച് വീണ ജോർജ്

തിരു: കേന്ദ്ര ആരോഗ്യമന്ത്രിയെ കാണാൻ അനുമതി തേടിയ വിഷയത്തിൽ മാധ്യമങ്ങളെ വിമർശിച്ച് മന്ത്രി വീണ ജോർജ്. കേന്ദ്രമന്ത്രിയെ കാണാൻ അനുമതി തേടിയതാണോ പ്രശ്നമെന്നും മാധ്യമങ്ങളുടെ ഊഹങ്ങൾക്കനുസരിച്ച് പ്രതികരിക്കാൻ തനിക്ക് പറ്റില്ലെന്നും അവർ പറഞ്ഞു.

ആശ വർക്കാർമാർ നിരാഹാരത്തിലേക്ക് പോകുന്ന സാഹചര്യത്തിലാണ് കേന്ദ്രമന്ത്രിയെ കാണാൻ തീരുമാനിച്ചത്. അതുകൊണ്ടാണ് തലേദിവസം അദ്ദേഹത്തെ കാണാൻ അനുമതി തേടിയത്. മന്ത്രിയെ കാണാൻ അനുമതി തേടിയതാണോ പ്രശ്നം നിങ്ങൾ നിങ്ങളുടെ ഊഹങ്ങളിൽ വാർത്തകൾ കൊടുക്കുന്നുവെന്നും ആ ഊഹങ്ങൾക്കനുസരിച്ച് പ്രതികരിക്കാൻ തനിക്ക് പറ്റില്ലെന്നും മന്ത്രി പറഞ്ഞു.

'എന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് ഡൽഹിയിൽവെച്ച് കൃത്യമായി പറഞ്ഞതാണ്. ചിലർക്കിഷ്ടമുള്ളതുപോലെ വാർത്ത കൊടുത്തോളൂ. ഞാൻ സത്യമാണ് പറഞ്ഞത്. അല്ലെന്ന് നിങ്ങൾ തെളിയിക്കുക' എന്നായിരുന്നു മന്ത്രിയുടെ പ്രതികരണം.

ആശ പ്രവർത്തകരുടെ നിരാഹാര സമരം തുടങ്ങുന്ന ദിവസമായിരുന്നു ആരോഗ്യമന്ത്രി വീണ ജോർജ് ഡൽഹിയിലെത്തിയത്. കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡയോട് ആശമാരുടെ വിഷയം ഉന്നയിക്കുകയാണ് ലക്ഷ്യമെന്നായിരുന്നു വീണ ജോർജ് പറഞ്ഞിരുന്നത്. എന്നാൽ, പാർലമെന്റ് സമ്മേളനം നടക്കുന്നതിനാൽ കൂടിക്കാഴ്ചയ്ക്ക് അനുമതി ലഭിച്ചിട്ടില്ലെന്ന് വീണ പിന്നീട് അറിയിച്ചു. ബുധനാഴ്ച വൈകീട്ട് കത്തു നൽകിയിരുന്നതായും എന്നാൽ അനുമതി ലഭിച്ചില്ലെന്നുമാണ് ഇത് സംബന്ധിച്ച് മന്ത്രിയുടെ വിശദീകരണം. കത്ത് വൈകിയാണ് ലഭിച്ചതെന്നും മുൻകൂട്ടി ചോദിക്കാതെ കൂടിക്കാഴ്ചയ്ക്കുള്ള അനുമതി ലഭിക്കില്ലെന്നുമായിരുന്നു കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചത്.

എന്താണോ പറഞ്ഞത് അത് വിശ്വസിച്ചോളൂ. ഞാൻ പറയാനുള്ള കാര്യങ്ങൾ നേരത്തേ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തേയും സംസ്ഥാന ആരോഗ്യമന്ത്രിയെയും ക്രൂശിക്കാനാണ് ചില മാധ്യമങ്ങൾ ശ്രമിക്കുന്നത്.

'ഡൽഹി സന്ദർശനത്തിന് രണ്ട് ലക്ഷ്യമാണുള്ളതെന്ന് പറഞ്ഞതാണ്. ഒന്ന് കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുന്നതും രണ്ടാമത്തേത് ക്യൂബൻ സംഘത്തെ സന്ദർശിക്കുകയുമായിരുന്നു. പാർലമെന്റിൽ തിരക്കായതിനാൽ ആരോഗ്യമന്ത്രിയെ കാണാൻ കഴിയുമോയെന്ന് അറിയില്ലെന്നും സാഹചര്യം അനുസരിച്ച് പിന്നീട് കാണുമെന്നുമാണ് ഡൽഹിയിൽവെച്ച് മാധ്യമങ്ങളെ കണ്ടപ്പോൾ പറഞ്ഞത്.' വീണ കൂട്ടിച്ചേർത്തു.

ആശ വർക്കർമാരുടെ ഓണറേറിയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാധ്യമപ്രവർത്തകർ ചൂണ്ടികാട്ടിയപ്പോഴും മന്ത്രി മാധ്യമങ്ങളെ പഴിച്ചു. 'ചില മാധ്യമങ്ങൾ എന്താണ് വരുത്തി തീർക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ വാർത്ത കൊടുത്തോളൂ. ഞാൻ സത്യമാണ് പറഞ്ഞത്. അല്ലെന്ന് നിങ്ങൾ തെളിയിക്കുക' എന്നായിരുന്നു മന്ത്രിയുടെ പ്രതികരണം.

ജനശതാബ്ദിയും ശബരി എക്സ്പ്രസും ഇനി അതിവേഗം കുതിക്കും

തിരു: പതിറ്റാണ്ടിലേറെക്കാലം പഴക്കമുള്ള കോച്ചുകളുമായാണ് മലയാളികളുടെ സ്ഥിരം ട്രെയിനുകളായ ജനശതാബ്ദിയുടെയും ശബരി എക്സ്പ്രസിന്റെയും സഞ്ചാരം. ഇതിന് പരിഹാരമായി പുതിയ മികച്ച കോച്ചുകൾ വേണമെന്ന സ്ഥിരം റെയിൽവെ യാത്രക്കാരുടെ ആവശ്യം ഇപ്പോൾ സാദ്ധ്യമാകുകയാണ്. തിരുവനന്തപുരം-കോഴിക്കോട്-തിരുവനന്തപുരം ജനശതാബ്ദി, തിരുവനന്തപുരം-സെക്കന്തരാബാദ്, സെക്കന്തരാബാദ്-തിരുവനന്തപുരം ശബരി എക്സ്പ്രസ് എന്നിവ വൈകാതെ പുതിയ എൽഎച്ച്ബി കോച്ചുകളിലേക്ക് മാറും.

പരമാവധി 100 കിലോമീറ്റർ വേഗത്തിൽ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ കഴിയുന്ന തരത്തിൽ ഈയടുത്ത് തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ട്രാക്കുകൾ പുതുക്കിയിരുന്നു. ഇതിനുപിന്നാലെയാണ് പ്രധാന ട്രെയിനുകളായ ജനശതാബ്ദിയും ശബരിയും ലിങ്ക്ബോഫ്മാൻ ബോഷ് (എൽഎച്ച്ബി) കോച്ചുകളിലേക്ക് മാറുന്നത്. സുരക്ഷിതവും സുഖകരവുമായ യാത്രയ്ക്ക് പ്രത്യേകം നിർമ്മിച്ചവയാണ് എൽഎച്ച്ബി കോച്ചുകൾ. ജർമ്മൻ സാങ്കേതിക വിദ്യയുപയോഗിച്ച് നിർമ്മിച്ച ഈ കോച്ചുകൾ പരമാവധി 160 കിലോമീറ്റർ വേഗം കൈവരിക്കാൻ കഴിയുന്നവയാണ്.

സബ് സ്റ്റേഷനിൽ തീപ്പിടിത്തം; ഹീത്രൂ വിമാനത്താവളം അടച്ചു, വിമാനങ്ങൾ വഴിതിരിച്ചു വിടുന്നു

ലണ്ടൻ: വൈദ്യുതി സബ് സ്റ്റേഷനിലുണ്ടായ തീപ്പിടിത്തത്തെത്തുടർന്ന് ലണ്ടനിലെ ഹീത്രൂ വിമാനത്താവളം അടച്ചു. മാർച്ച് 21ന് അർദ്ധരാത്രി വരെ വിമാനത്താവളം അടച്ചിടുമെന്നാണ് അറിയിപ്പ്. ആയിരത്തിലധികം വിമാനങ്ങളുടെ സർവീസിനെ ഇത് ബാധിച്ചേക്കുമെന്നാണ് വിലയിരുത്തൽ. നിരവധി വിമാനങ്ങൾ ഇതിനകം വഴിതിരിച്ചുവിട്ടിട്ടുണ്ടെന്ന് ഫ്ളൈറ്റ് ട്രാക്കിങ് വെബ്സൈറ്റായ ഫ്ളൈറ്റ് റാഡാർ 24 റിപ്പോർട്ട് ചെയ്തു. വരും ദിവസങ്ങളിൽ കാര്യമായ തടസ്സങ്ങൾ പ്രതീക്ഷിക്കുന്നതായി വിമാനത്താവള അധികൃതരെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു.

'ഹീത്രൂ വിമാനത്താവളത്തിലേക്കു വൈദ്യുതി വിതരണം ചെയ്യുന്ന സബ്സ്റ്റേഷനിൽ ഉണ്ടായ തീപ്പിടിത്തത്തെത്തുടർന്ന് വൈദ്യുതി ബന്ധത്തിൽ തടസ്സം നേരിടുന്നു. യാത്രക്കാരുടെയും വിമാനത്താവള ജീവനക്കാരുടേയും സുരക്ഷ ഉറപ്പാക്കുന്നതിനായി 21ന് അർധരാത്രി വരെ ഹീത്രൂ വിമാനത്താവളം അടച്ചിടും.'- വിമാനത്താവള അധികൃതർ എക്സിൽ അറിയിച്ചു.

വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതനുസരിച്ച് പങ്കുവെക്കാമെന്നും അവർ വ്യക്തമാക്കി. സാഹചര്യം പരിഹരിക്കാൻ തങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ടെന്നും വിമാനത്താവള അധികൃതർ കൂട്ടിച്ചേർത്തു. യാത്രക്കാർ വിമാനത്താവളത്തിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും കൂടുതൽ വിവരങ്ങൾക്ക് അതത് എയർലൈനുകളുമായി ബന്ധപ്പെടണമെന്നും വിമാനത്താവള അധികൃതർ നിർദേശം നൽകി.

ലണ്ടനിലെ ഹെല്ലിങ്ടൺ ബറോയിലെ ഹെയ്സിലുള്ള നോർത്ത് ഹൈഡ് ഇലക്ട്രിക്കൽ സബ്സ്റ്റേഷനിലായിരുന്നു തീപ്പിടിത്തമുണ്ടായത്. തീപ്പിടിത്തത്തിന്റെ കാരണം വ്യക്തമായിട്ടില്ല. സബ്സ്റ്റേഷനിലെ തീപ്പിടിത്തത്തെത്തുടർന്ന് 16,000-ത്തിലധികം വീടുകളിൽ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തു. 150ലധികം ആളുകളെ ഒഴിപ്പിച്ചതായി ബ്രിട്ടീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

രാധാകൃഷ്ണന്റെ ഭാര്യയുമായുള്ള സൗഹൃദം തകർന്നതിൽ സന്തോഷിന് പക; കൈത്പ്രം കൊലപാതകത്തിൽ എഫ്ഐആർ

കണ്ണൂർ: കൈത്പ്രത്ത് ഗുഡ്സ് ഓട്ടോ ഡ്രൈവറായ രാധാകൃഷ്ണനെ വെടിവെച്ച് കൊലപ്പെടുത്തിയതിന് കാരണം ഇദ്ദേഹത്തിന്റെ ഭാര്യയുമായുള്ള പ്രതിയുടെ സൗഹൃദം തകർന്നതിന്റെ പകയിലാണെന്ന് എഫ്.ഐ.ആർ. സന്തോഷും കൊല്ലപ്പെട്ട രാധാകൃഷ്ണന്റെ ഭാര്യയും സഹപാഠികളായിരുന്നു. കുടുംബപ്രശ്നങ്ങൾ മൂലം രാധാകൃഷ്ണന്റെ ഭാര്യയും സന്തോഷും തമ്മിലെ സൗഹൃദം മുറിഞ്ഞത് കൊലപാതകത്തിലേക്ക് നയിച്ചുവെന്നാണ് പൊലീസിന്റെ കണ്ടെത്തൽ.

വ്യാഴാഴ്ച വൈകീട്ട് ആറരയോടെയാണ് ക്രൂരമായ കൊലപാതകം നടന്നത് കൊല്ലപ്പെട്ട രാധാകൃഷ്ണന്റെ പുതുതായി പണിയുന്ന വീട്ടിൽവെച്ചായിരുന്നു സംഭവം. കൊലപ്പെടുത്തുന്നതിന് മുമ്പും ശേഷവും സന്തോഷ് സാമൂഹിക മാധ്യമങ്ങളിൽ ഭീഷണി സന്ദേശം പോസ്റ്റ് ചെയ്തിരുന്നു.

വെടിയൊച്ച കേട്ട് പ്രദേശവാസികൾ വീടിനടുത്തേക്ക് പോയപ്പോഴാണ് രക്തത്തിൽ കുളിച്ചു കിടക്കുന്ന രാധാകൃഷ്ണനെ കണ്ടത്. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോലീസ് ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി തിരച്ചിൽ നടത്തിയപ്പോഴാണ് പ്രദേശത്തുനിന്ന് സന്തോഷിനെ കണ്ടെത്തുന്നത്. ഇയാൾ മദ്യലഹരിയിലായിരുന്നുവെന്നാണ് വിവരം. രാധാകൃഷ്ണന്റെ വീടിന്റെ നിർമ്മാണ പ്രവൃത്തി നടത്തിയത് സന്തോഷ് ആണെന്നാണ് ലഭിക്കുന്ന വിവരം.

രാധാകൃഷ്ണന്റെ നെഞ്ചിലായിരുന്നു വെടിയേറ്റത്. നാടൻ തോക്കാണ് കൊലപാതകത്തിന് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് ലൈസൻസ് ഉണ്ടോ എന്ന കാര്യം വ്യക്തമല്ല. പ്രദേശത്ത് കർഷക രക്ഷാസേന എന്ന സേന രൂപീകരിച്ചിട്ടുണ്ട്. മലയോര മേഖലയിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുക എന്നതാണ് കൂട്ടായ്മയുടെ ലക്ഷ്യം. ഇതിൽ തോക്കിന് ലൈസൻസുള്ളവരും ഇല്ലാത്തവരും ഉണ്ട്. സന്തോഷിന് തോക്ക് ലൈസൻസ് ഇല്ല എന്നാണ് വ്യക്തമാകുന്നത്.

വൈകിട്ട് 4.23-ന് സന്തോഷ് തോക്കേന്തി നിൽക്കുന്ന ഒരു ചിത്രം ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നു. 'കൊള്ളിക്കുക എന്നത് ആണ് ടാസ്ക്. കൊള്ളിക്കും എന്നത് ഉറപ്പ്' എന്ന അടിക്കുറിപ്പോടെ തോക്കേന്തി നിൽക്കുന്ന ചിത്രവും അദ്ദേഹം പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിന് ശേഷമാണ് ഇയാൾ കൊല നടത്തിയതെന്നാണ് ലഭിക്കുന്ന വിവരം.

വൈകിട്ട് 7.27ന് മറ്റൊരു പോസ്റ്റും കൂടി ഇയാൾ ഫേസ്ബുക്കിൽ കുറിച്ചിട്ടുണ്ട്. 'നിന്നോട് ഞാൻ പറഞ്ഞത് അല്ലേ എന്റെ പെണ്ണിനെ ഒന്നും ചെയ്യരുത് എന്ന്.... എന്റെ ജീവൻ പോയാൽ ഞാൻ സഹിക്കും പക്ഷെ എന്റെ പെണ്ണ്.. നിനക്ക് മാപ്പില്ല' എന്നായിരുന്നു രണ്ടാമത്തെ പോസ്റ്റ്.

രാവിലെ 9.52ന് മറ്റൊരു പോസ്റ്റും ഇയാൾ ഫേസ്ബുക്കിൽ കുറിച്ചിരുന്നു. 'ചില തീരുമാനം ചിലപ്പോൾ മനസ്സിൽ ഉറപ്പിച്ചിട്ടായിരിക്കും. നമ്മൾ അത് മനസിലാക്കാൻ വൈകി പോകും. അവസാനഘട്ടത്തിൽ പോലും മനസിലാകാതെ വന്നാൽ കൈവിട്ടു പോകും. നമ്മുടെ നിലനമ്മൾ തന്നെ മനസ്സിലാക്കണം. അത് മനസിലാക്കാതെ വന്നാൽ ചിലപ്പോൾ നമുക്ക് നമ്മളെ തന്നെ നഷ്ടം ആകും. ആരെയും ഒറ്റപ്പെടുത്താതിരിക്കുക കൂടെ നിർത്തുക പറ്റുന്നിടത്തോളം. ചുരുങ്ങിയ ജീവിതത്തിൽ ആർക്കും ശല്യം ആകാതെ ഇരിക്കുക. നമ്മുടെ സാന്നിധ്യം ശല്യം ആകുന്നവർക്ക് മുന്നിൽ പോകരുത് അവർ നമ്മളെ ഒരിക്കലും കാണരുത്'-എന്നായിരുന്നു പോസ്റ്റ്.

രാധാകൃഷ്ണൻ ബി.ജെ.പിയുടെ സജീവ പ്രവർത്തകനായിരുന്നു. ഇയാളുടെ ഭാര്യ ബി.ജെ.പി. ജില്ലാ കമ്മിറ്റിയംഗമാണ്. സന്തോഷ് അവിവാഹിതനാണ്. രാധാകൃഷ്ണനും ഭാര്യയ്ക്കും രണ്ട് മക്കളുണ്ട്.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും എംഎൽഎമാരുടെയും ശമ്പളം ഇരട്ടിയാക്കി കർണാടക സർക്കാർ

ബംഗളൂരു: കർണാടകയിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും എംഎൽഎമാരുടെയും ശമ്പളം ഇരട്ടിയാക്കിക്കൊണ്ടുള്ള ഭേദഗതി ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചു. എംഎൽഎമാരുടെ അടിസ്ഥാന ശമ്പളം 40,000 രൂപയിൽ നിന്ന് ഒറ്റയടിക്ക് 80,000 രൂപയാക്കി. നിലവിൽ എംഎൽഎമാർക്ക് അലവൻസുകൾ ഉൾപ്പെടെ മൂന്ന് ലക്ഷത്തോളം രൂപ മാസവരുമാനമുണ്ട്. പുതിയ ശമ്പള വർദ്ധനവോടെ ഇത് അഞ്ച് ലക്ഷം രൂപ വരെയായി വർദ്ധിക്കും.

മുഖ്യമന്ത്രിയുടെ ശമ്പളം 75,000 രൂപയിൽ നിന്ന് ഒന്നര ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. മന്ത്രിമാരുടെ ശമ്പളം 60,000ത്തിൽ നിന്ന് ഒന്നേകാൽ ലക്ഷം രൂപയാക്കി. സ്പീക്കർക്ക് അടിസ്ഥാന ശമ്പളം അര ലക്ഷം രൂപ വർദ്ധിപ്പിച്ചു. ഇതോടെ ശമ്പളം ഒന്നേകാൽ ലക്ഷം രൂപയായി.

നിരവധി സാമൂഹിക പദ്ധതികൾക്കായുള്ള ധനസഹായം ഉൾപ്പെടെയുള്ളവയ്ക്ക് വലിയ സാമ്പത്തിക വെല്ലുവിളി നേരിടുന്നതിനിടെ ഇത്തരത്തിലൊരു തീരുമാനം സിദ്ധരാമയ്യ സർക്കാർ കൈക്കൊണ്ടത് വലിയ വിമർശനങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. എന്നാൽ, ബിജെപി നേതാക്കൾ ആരും തന്നെ ഈ ബില്ലിനെ ചോദ്യംചെയ്തില്ലെന്നതും ശ്രദ്ധേയമാണ്. ശമ്പള വർദ്ധനവിനെ ന്യായീകരിച്ച് ആഭ്യന്തര മന്ത്രി ഉൾപ്പെടെയുള്ളവർ രംഗത്തെത്തി.

'എല്ലാവർക്കും ജീവിക്കണം, സാധാരണക്കാരെ പോലെ ഞങ്ങളും കഷ്ടപ്പെടുകയാണ്, മന്ത്രിമാരുടെ ജോലി ഭാരവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്' എന്നായിരുന്നു ആഭ്യന്തരമന്ത്രി ജി പരമേശ്വര ശമ്പള വർദ്ധനവിനെക്കുറിച്ച് പറഞ്ഞത്. മന്ത്രി എംബി പാട്ടീലും ബില്ലിനെ പിന്തുണച്ച് രംഗത്തെത്തി.

നിയമസഭാംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കുന്നത് ന്യായമായ കാര്യമാണ്. ഇത് സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിച്ച് അഴിമതി കുറയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

കാറും ബൈക്കും കൂട്ടിയിടിച്ച് യാത്രികർക്ക് പരിക്ക്

കേച്ചേരി : കിഴക്കാളൂർ പള്ളിക്ക് സമീപം കാറും, ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മറ്റം പന്നിശ്ശേരി സ്വദേശി കുത്തൂർ വീട്ടിൽ തോമസ് മകൻ ഹെന്റി(29), കാർ യാത്രികൻ തൃശ്ശൂർ വെള്ളാട്ട് ലൈൻ (കൃഷ്ണ ഗാർഡൻസ്) സ്വദേശി, മംഗലത്ത് മനവീട്ടിൽ നാരായണൻ മകൻ പരമേശ്വരൻ (83) എന്നിവരെ കേച്ചേരി ആക്ട്സ് പ്രവർത്തകർ അമല ആശുപത്രിയിൽ പ്രവേശിപ്പിച്ചു

മുസ്ളീം വിഭാഗത്തിന് സർക്കാർ കരാറിൽ 4% ക്വാട്ട, ബിൽ വലിച്ചുകീറി ബിജെപി എംഎൽഎമാർ

ബംഗളൂരു: സർക്കാർ കരാറുകളിൽ മുസ്ളീം വിഭാഗങ്ങൾക്ക് 4ശതമാനം സംവരണം ഏർപ്പെടുത്തുന്ന ബിൽ നിയമസഭയിൽ പാസാക്കി കർണാടക സർക്കാർ. ഭരണഘടനാ വിരുദ്ധമായ നടപടിയാണ് ഇതെന്നും നിയമപരമായി ബില്ലിനെ നേരിടുമെന്നും പ്രതിപക്ഷമായ ബിജെപി ആരോപിച്ചു. ഒരു മന്ത്രിക്കെതിരായി ഹണി ട്രാപ് ശ്രമം പരാജയപ്പെടുത്തി എന്ന മന്ത്രി സതീഷ് ജാർകിഹോളിയുടെ വെളിപ്പെടുത്തലിൽ ബഹളം നടക്കുന്നതിനിടെയാണ് സഭയിൽ മുസ്ലിങ്ങൾക്ക് 4 ശതമാനം സംവരണ ബിൽ പാസാക്കിയത്.

ബില്ലിനെതിരെ ബിജെപി എംഎൽഎമാർ ഒന്നടക്കം സഭയിൽ പ്രതിഷേധിച്ചു. മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്കെതിരെ മുദ്രാവാക്യം വിളിച്ച അവർ സ്പീക്കറുടെ ഇരിപ്പിടത്തിൽ കയറി ബഹളമുണ്ടാക്കി. ബിൽ കീറിയ ബിജെപി എംഎൽഎമാർ അത് സ്പീക്കർക്ക് നേരെ എറിഞ്ഞു.

സുരജ് വധക്കേസിൽ ടി.കെ. രജീഷ് അടക്കം 9 പ്രതികൾ കുറ്റക്കാർ

തലശ്ശേരി : ബി.ജെ.പി.-ആർ.എസ്എസ്. പ്രവർത്തകൻ മുഴപ്പിലങ്ങാട്ടെ എളമ്പിലായി സുരജിനെ(32) കൊലപ്പെടുത്തിയ കേസിൽ 9 പേർ കുറ്റക്കാർ. പത്താം പ്രതിയെ വെറുതെ വിട്ടു. ജില്ലാ സെഷൻസ് ജഡ്ജി കെ.ടി. നിസാർ അഹമ്മദാണ് വിധി പറഞ്ഞത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായിരുന്ന ടി.കെ. രജീഷ്, മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.എം. മനോജിന്റെ സഹോദരൻ പി.എം. മനോരാജ് എന്നിവരും കുറ്റക്കാരെന്ന് കണ്ടെത്തിയ 9 പ്രതികളിൽ ഉൾപ്പെടുന്നു.

2005 ഓഗസ്റ്റ് 7ന് രാവിലെ 8.40-ന് ഓട്ടോയിലെത്തിയ സംഘം മുഴപ്പിലങ്ങാട് ടെലിഫോൺ എക്സ്ചേഞ്ചിന് മുന്നിൽ വെച്ചാണ് സുരജിനെ വെട്ടിക്കൊന്നത്. സംഭവത്തിന് ആറുമാസം മുൻപ് സുരജിനെ വധിക്കാൻ ശ്രമിച്ചിരുന്നു. ഇരു കാലിനും വെട്ടേറ്റ് ആറുമാസം കിടപ്പിലായിരുന്നു. സി.പി.എം. പ്രവർത്തകനായ സുരജ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു

തൃശൂർ: ജില്ല മർച്ചന്റ്സ് അസോസിയേഷൻ ശക്തൻ തമ്പുരാൻ നഗർമാർക്കറ്റിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു.മുൻ ഡെ. മേയർ ബീന മുരളി ബീന മുരളി ഉദ്ഘാടനം ചെയ്തു അസോസിയേഷൻ ജില്ല പ്രസിഡന്റ് സുനിൽ സൈമൺ അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ കെ.ബി.ദിനേഷ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു എൻ.എ.ജലീൽ എ.കെ ഡേവിസ് എ.ജെ.ഗോഡ് ഫ്രി, സി.പി.മുഹമ്മദ് ഹനീഫ് എന്നിവർ പ്രസംഗിച്ചു.വ്യാപാരികൾക്കുള്ള ആശ്വാസ് പ്രിവിലേജ് കാർഡുകൾ ചടങ്ങിൽ മർച്ചൻറ് അസോസിയേഷൻ ജന:സെക്രട്ടറി എ.ജെ.ജോർജ് വിതരണം ചെയ്തു

ഫോട്ടോ ക്യാപ്ഷൻ ജില്ല മർച്ചന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ശക്തൻ തമ്പുരാൻ മാർക്കറ്റിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ കാമ്പയിനിൽ വ്യാപാരികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുന്നു

6-ാം നാൾ സമരാഗ്നി ജ്വലനം

ഇരിങ്ങാലക്കുട: റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയ്ക്കെതിരെ 2025 മാർച്ച് 15 ന് വിളംബരം ചെയ്ത കല്ലേറ്റുംകര വികസന സമരം 6-ാം നാൾസമരാഗ്നി ജ്വലനം നടന്നു. കല്ലേറ്റുംകര കേരള ഫീഡ്സ് നഗറിൽ ആളൂർ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് അംഗം ഓമന ജോർജ്ജ് ഉത്ഘാടനം ചെയ്തു. കെ എഫ് ജോസ് അദ്ധ്യക്ഷത വഹിച്ചു. വർഗ്ഗീസ് പന്തലൂക്കാരൻ, സോമൻ ശാരദാലയം പ്രസംഗിച്ചു. സുമേഷ് വി കെ, തോമസ് കെ എം, ജോർജ്ജ് കുഴുവേലി, കുമാരൻ കൊട്ടത്തിൽ, ജോൺ പായമ്മൽ, ഷാജു പുളിയാനി, പി സി ജോർജ്ജ്, രാഘവൻ സി കെ, ജോയ് പുളിയാനി, അനിൽ പൂവത്തിക്കര, സ്റ്റീഫൻ കെ എഫ്, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ, ഡേവിസ് ഇടപ്പിള്ളി തുടങ്ങിയവർ പങ്കെടുത്തു.

കാരുകുളങ്ങര ശ്രീ നരസിംഹസ്വാമി ക്ഷേത്രത്തിൽ കോടിയേറ്റത്തോടാനുബന്ധിച്ചു കൊരമ്പ് മൃദംഗ കളരിയുടെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ച മൃദംഗമേള.കളരിയിലെ സീനിയർ വിദ്യർഥികളായ രാഹുൽ, ജിതിൻരാജ് എന്നിവരുടെ നേതൃത്വത്തിൽ 12ഓളം വിദ്ധ്യർഥികൾ പങ്കെടുത്തു, അമൽ താളം പിടിച്ചു

വിഷ്ണു കിടങ്ങൂരിനെ കരുണാലയത്തിൽ ആദരിച്ചു

കുന്നംകുളം : പ്രകൃതി സംരക്ഷണ സംഘം ചൊവ്വന്നൂർ കരുണാലയത്തിൽ സംഘടിപ്പിച്ച സമാദരണ ചടങ്ങിൽ വെച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെ സൗജന്യമായി ട്രയിനിംഗ് നൽകി വിജയത്തിലേക്കെത്തിച്ച യുവഎഴുത്തുകാരൻ

വിഷ്ണു കിടങ്ങൂരിനെ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഉപഹാരം നൽകി ആദരിച്ചു.

പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന ജനറൽ സെക്രട്ടറി ഷാജി തോമസ് എൻ അധ്യക്ഷത വഹിച്ചു.സിസ്റ്റർ എലിസബത്ത്, സിസ്റ്റർ ലൂമിയ പ്രകൃതി സംരക്ഷണ സംഘം ജില്ലാ ജോ.സെക്രട്ടറി ഡെന്നീസ് മങ്ങാട്,പ്രകൃതി സംരക്ഷണ സംഘം യൂത്ത് വിംഗ് ജില്ലാ പ്രസിഡണ്ട് വിഷ്ണു എൻ.എം.,യൂത്ത് വിംഗ് ജില്ലാ സെക്രട്ടറി അമൽ ജോയ്,ഷാജൻ കുന്നംകുളം എന്നിവർ അനുമോദന പ്രസംഗം നടത്തി.

തൃശ്ശൂരിൽ പുതിയ സെയിൽസ് ഔട്ട്‌ലെറ്റ് തുറന്ന് ഇഞ്ചിയോൺ കിയ

തൃശൂർ: തൃശൂർ ജില്ലയിൽ കൂടുതൽ വിപുലീകരണവുമായി ഇഞ്ചിയോൺ കിയ. തൃശൂർ ശക്തൻ നഗറിലെ പുതിയ സെയിൽസ് ഔട്ട്‌ലറ്റിന്റെ ഉദ്ഘാടനം തൃശൂർ മേയർ എം.കെ വർഗീസ്, ഇഞ്ചിയോൺ കിയ മാനേജിങ് ഡയറക്ടർ നയീം ഷാഹുൽ എന്നിവർ ചേർന്ന് നിർവഹിച്ചു. ശക്തൻ നഗറിൽ ആലപ്പാട്ട് ടവറിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന ഈ പുതിയ സെയിൽസ് ഔട്ട്‌ലെറ്റ് ഇഞ്ചിയോൺ കിയയുടെ ഇരുപതാമത്തെ ഫെസിലിറ്റിയാണ്. കിയ ഗ്ലോബൽ ബെസ്റ്റ് ഡീലർഷിപ്പ് അവാർഡ് കരസ്ഥമാക്കിയ കിയയുടെ ഡീലറാണ് ഇഞ്ചിയോൺ കിയ.

ഓരോ ഉപഭോക്താവിനും ഏറ്റവും അരികിൽ മികവുറ്റ സേവനങ്ങൾ എത്തിക്കുന്നതിൽ ഞങ്ങൾ പ്രതിബദ്ധരാണ്. ഉപഭോക്താക്കളുടെ സംതൃപ്തിയിന്മേലുള്ള ഞങ്ങളുടെ ആ പ്രതിബദ്ധതയാണ് പുതിയ ഔട്ട്‌ലറ്റിലൂടെ ഞങ്ങൾ തുടരുന്നത്. ഇഞ്ചിയോൺ കിയ മാനേജിംഗ് ഡയറക്ടർ നയീം ഷാഹുൽ ഉദ്ഘാടന വേളയിൽ പറഞ്ഞു.

തൃശൂർ ശക്തൻ നഗറിലെ ഇഞ്ചിയോൺ കിയയുടെ പുതിയ സെയിൽസ് ഔട്ട്‌ലെറ്റ് ഇഞ്ചിയോൺ കിയ മാനേജിങ് ഡയറക്ടർ നയീം ഷാഹുൽ, തൃശൂർ മേയർ എം.കെ വർഗീസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

നിലവിൽ തൃശൂർ ജില്ലയിലെ വാടാനപ്പള്ളി, മരത്താക്കര എന്നിവിടങ്ങളിലെ ഇഞ്ചിയോൺ കിയ ഫെസിലിറ്റികളിൽ സെയിൽസ്, സർവ്വീസ് സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കും. വാഹനങ്ങളുടെ സർവീസിനായി ശക്തൻനഗറിലെ ഇഞ്ചിയോൺ കിയ ഷോറൂമിൽ പിക്ക്-അപ്പ് പോയിന്റും ഒരുക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കും ടെസ്റ്റ് ഡ്രൈവ് ബുക്കിംഗിനുമായി ഉപഭോക്താക്കൾക്ക് തൃശൂർ ശക്തൻനഗറിലെ ഇഞ്ചിയോൺ കിയയിൽ നേരിട്ട് ബന്ധപ്പെടാം.

ലോക വദനാരോഗ്യദിനം- ജില്ലാതല ആഘോഷം

തൃശൂർ: സന്തുഷ്ട വദനം, സന്തുഷ്ട മനസ്സ് എന്ന സന്ദേശവുമായി ലോക വദനാരോഗ്യദിനം ജില്ലയിൽ വിപുലമായി ആഘോഷിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും ജനറൽ ആശുപത്രിയുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ ജനറൽ ആശുപത്രി അങ്കണത്തിൽ സൂപ്രണ്ട് ഡോ. താജ് പോൾ നിർവ്വഹിച്ചു. ജനറൽ ആശുപത്രി കൺസൾട്ടന്റ് ഡെന്റൽ സർജൻ ഡോ. എൽ. ദീപ അധ്യക്ഷയായി. ജില്ലാ എഡ്യൂക്കേഷൻ ആന്റ് മീഡിയാ ഓഫീസർ പി.എ സന്തോഷ് കുമാർ, ജനറൽ ആശുപത്രി ലേ സെക്രട്ടറി എ.ജെ ടോണി, ചീഫ് നഴ്സിംഗ് ഓഫീസർ കെ.പി ആനി എന്നിവർ സംസാരിച്ചു. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് ഗവ. നഴ്സിംഗ് സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച ഫ്ലാഷ് മോബ് അരങ്ങേറി. ഹൗസ് സർജ്ജൻ ട്രെയിനി ഡോ. കീർത്തന ബോധവത്കരണ ക്ലാസ്സ് നയിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിന് കീഴിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലോക വദനാരോഗ്യ ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമന്റെ ചുമട്ടുതൊഴിലാളികളെ അപമാനിക്കുന്ന പ്രസ്താവനക്കെതിരായി ചുമട്ടുതൊഴിലാളികളുടെ നേതൃത്വത്തിൽ തൃശൂർ ടൗണിൽ പ്രകടനവും പ്രതിഷേധ യോഗവും നടന്നു യോഗം യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി കെ ആർ രവി ഉദ്ഘാടനം ചെയ്തു യൂണിയൻ ഏരിയ പ്രസിഡന്റ് കെ മുരളീധരൻ അധ്യക്ഷനായി യൂണിയൻ ഏരിയ സെക്രട്ടറി ടി സുധാകരൻ, കെ ഡി ബെന്നി, ജോഷി ജോസ്, എ ആർ കുമാരൻ, ടോമി വർഗീസ്, സന്തോഷ് കുമാർ, സുനിൽകുമാർ എന്നിവർ സംസാരിച്ചു

അമലയിൽ ഓറൽ ഹെൽത്ത് ദിനാചരണം

തൃശൂർ: അമല മെഡിക്കൽ കോളേജ് ദന്തരോഗവിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ നടത്തിയ വദനാരോഗ്യദിനാചരണം അടാട്ട് പഞ്ചായത്ത് പ്രസിഡൻറ് സിമി അജിത്കുമാർ നിർവ്വഹിച്ചു. ജോ. ഡയറക്ടർ മാരായ ഫാ. ഡെൽജോ പുത്തൂർ, ഫാ.ഷിബു പുത്തൻപുരയ്ക്കൽ, ഫാ.ജെയ്സൺ മുണ്ടാണി, വൈസ് പ്രിൻസിപ്പൾ ഡോ.ദീപ്തി രാമകൃഷ്ണൻ, ദന്തരോഗവിഭാഗം മേധാവി ഡോ.സിജി ജെ. ചിറമ്മേൽ, കൺസൾട്ടൻറ് ഡോ. എ.എൻ.സി.ജോൺ, ജൂനിയർ റസിഡൻറ് ഡോ.സി.രാജി എന്നിവർ പ്രസംഗിച്ചു. പൊതുജനങ്ങൾക്കായ് ഓറൽ സ്ക്രീനിംഗ് ക്യാമ്പും നടത്തി.

അർണോസ് അനുസ്മരണം നടത്തി

തൃശൂർ : അർണോസ്പാതിരി293-ാം ചരമ വാർഷികം പ്രമാണിച്ച് സാഹിത്യ അക്കാദമി സ്മൃതി മണ്ഡപത്തിൽ നടത്തിയ അനുസ്മരണം മാർ ബോസ്ക്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു. ബൈബിളിന് മലയാളത്തിൽ തർജ്മ ഉണ്ടാകുന്നതിന് നൂറ്റാണ്ടുകൾക്കു മുൻപ് ഇവിടെ വന്ന് ഭാഷ പഠിച്ച് ക്രിസ്തു ചരിത്രം ലളിതമായ ഭാഷയിൽ പകർന്നു നല്കിയ മഹാനായ മിഷനറിയും ഭാഷാ പണ്ഡിതനുമായിരുന്നു അർണോസ് പാതിരിയെന്ന് പ്രസ്താവിച്ചു.

ഫാ. ബെന്നി ചിറമ്മൽ അധ്യക്ഷത വഹിച്ചു ഫാ. ജോർജ്ജ് തേനാടിക്കുളം, പ്രൊഫ വി. ജി. തമ്പി, ജോൺ കള്ളിയത്തു, ബേബി മൂക്കൻ, ആന്റൊ പട്ടേക്കാരൻ, ഡേവിസ് കണ്ണമ്പുഴ എന്നിവർ പ്രസംഗിച്ചു

എളവള്ളിയിലെ പൊതു ഇടങ്ങൾ ഇനി ക്ലീൻ ക്ലീൻ

തൃശൂർ: എളവള്ളി ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിനുള്ള ദ്വിദിന കർമ്മ പരിപാടിക്ക് തുടക്കമായി. ചിറ്റാട്ടുകര കിഴക്കേത്തല, ഉല്ലാസ് നഗർ, പോൾ മാസ്റ്റർപടി, കാക്കശ്ശേരി, താമരപ്പിള്ളി, പൂവ്വത്തൂർ, കടവല്ലൂർ മഠംപടി സെന്റർ തുടങ്ങിയ സ്ഥലങ്ങളിലാണ് തെരുവോരങ്ങളിലുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. മാർച്ച് അവസാനത്തോടെ മാലിന്യ മുക്ത ഗ്രാമമായി എളവള്ളിയെ പ്രഖ്യാപിക്കുന്നതിൻറെ മുന്നോടിയായാണ് ശുചീകരണ പ്രവർത്തനം നടത്തുന്നത്. ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്തിലെ 16 വാർഡുകളും മാലിന്യമുക്ത വാർഡുകളായി പ്രഖ്യാപിക്കും. തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ, ഹരിത കർമ്മ സേന, കുടുംബശ്രീ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണ യജ്ഞം നടപ്പിലാക്കുന്നത്.

ശുചീകരണ പരിപാടികൾ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ലതി വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിയോ ഫോക്സ് അധ്യക്ഷനായി. ജനപ്രതിനിധികളായ ലീന ശ്രീകുമാർ, പി.എം.അബു, ശ്രീബിത ഷാജി, ജീന അശോകൻ, അസിറ്റന്റ് സെക്രട്ടറി സി.എസ്.രശ്മി, ഹെൽത്ത് ഇൻസ്പെക്ടർ പി.യു.ഉദേഷ്, ഹരിത കേരളം റിസോഴ്സ്പേഴ്സൺ ഭവ്യ വിൻസൻ, ശുചിത്വ മിഷൻ റിസോഴ്സ്പേഴ്സൺ പി. രുഗ്മ എന്നിവർ പ്രസംഗിച്ചു.

ഭരണഘടനാ ചുമർ സ്ഥാപിച്ചു

തൃശൂർ: അവണൂർ ഗ്രാമപഞ്ചായത്ത് സമേതം സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഭരണഘടനാ ചുമർ സ്ഥാപിച്ചു. അവണൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലും പഞ്ചായത്ത് പ്രദേശത്തുള്ള ഏഴ് വിദ്യാലയങ്ങളിലുമായാണ് ഭരണഘടനാ ചുമരുകൾ സ്ഥാപിച്ചത്.

അവണൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് മിനി ഹരിദാസ് അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തോംസൺ തലക്കോടൻ, ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ അഞ്ജലി സതീഷ്, നിർവ്വഹണ ഉദ്യോഗസ്ഥ പി. എ ലത, പ്രോഗ്രാം കൺവീനർ വി. കെ മുകുന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി കെ. രാജി, സെക്രട്ടറി നന്ദകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ചേർപ്പ് ഗവ. വി.എച്ച്.എസ്.എസിലെ ഗണിത ലാബ് ഇനി ഹൈടെക്കാകും

തൃശൂർ: ചേർപ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഗണിത ലാബിലേക്കുള്ള ലാപ്ടോപ്പുകളുടെ വിതരണോദ്ഘാടനം ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർവ്വഹിച്ചു. കളക്ടറുടെ നിർദ്ദേശപ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത (സിഎസ്ആർ) ഫണ്ട് ഉപയോഗിച്ചാണ് സ്കൂളിന് ലാപ്ടോപുകൾ ലഭ്യമാക്കിയത്. ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണൻ മാസ്റ്റർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജിഷ കളിയത്ത് എന്നിവർ ജില്ലാ കളക്ടർക്കും സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിനിധികൾക്കും സ്നേഹോപഹാരം സമ്മാനിച്ചു.

ജില്ലയിലെ വിവിധ മേഖലയിലുള്ളവരുമായി സംവദിക്കുന്നതിനായി ജില്ലാ കളക്ടർ നടത്തുന്ന മുഖാമുഖം മീറ്റ് ദി കളക്ടർ പരിപാടിയിൽ ജനുവരി 15 ന് പങ്കെടുക്കാൻ എത്തിയപ്പോഴാണ് ഗവ.വി.എച്ച്.എസ്.എസ് ചേർപ്പിലെ കുട്ടികൾ തങ്ങളുടെ ഗണിത ലാബിൽ ലാപ്ടോപ്പുകൾ പരിമിതമായതിനാൽ ആവശ്യമായ സഹായം നൽകണമെന്ന് ആവശ്യപ്പെട്ടത്. കുട്ടികളുടെ ആവശ്യം മനസിലാക്കിയ ജില്ലാ കളക്ടർ സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂർ റീജ്യണൽ ബാങ്ക് മാനേജരുമായി ചർച്ചചെയ്ത് അവരുടെ സിഎസ്ആർ ഫണ്ടിൽ നിന്നാണ് പത്തോളം ലാപ്ടോപ്പുകൾ നൽകാൻ തീരുമാനമായത്.

അന്തർദേശീയ ഹാപ്പിനസ് ദിനത്തിൽ സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ പഞ്ചായത്ത് അംഗം വി.ജി വനജകുമാരി അധ്യക്ഷയായി. വിഎച്ച്എസ് ഇ വിഭാഗം പ്രിൻസിപ്പൽ ഡി.എസ് മനു, ഹയർസെക്കൻഡറി പ്രിൻസിപ്പാൾ പ്രീതി വർഗ്ഗീസ്, ഹെഡ്മാസ്റ്റർ സി.എസ് രാജു, സൗത്ത് ഇന്ത്യൻ ബാങ്ക് ജനറൽ മാനേജറും റീജണൽ ഹെഡുമായ വി.ആർ രേവ, പിടിഎ പ്രസിഡണ്ട് എം.എസ് അലക്സി, എസ്എംസി ചെയർമാൻ പി.എ ഷമീർ, മറ്റംഗങ്ങളായ വി.എച്ച് ഹുസൈൻ, കെ.എം രേവ, സ്റ്റാഫ് സെക്രട്ടറി കെ. ഹേമ തുടങ്ങിയവർ സംസാരിച്ചു.

മത്സ്യഫെഡ് ഇൻഷുറൻസ് പദ്ധതി: 31 വരെ പ്രീമിയം ഒടുക്കാം

തൃശൂർ: 2025-26 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. 18 നും 70 നും ഇടയിൽ പ്രായമുള്ളർക്ക് പ്രീമിയം തുകയായ 509 രൂപ അടച്ച് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി പരിരക്ഷ ഉറപ്പാക്കാം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് സി ക്ലാസ് മെമ്പർഷിപ്പ് എടുത്ത് ഇൻഷുറൻസ് പദ്ധതിയിൽ ചേരാം. ഒരു വർഷമാണ് പദ്ധതിയുടെ കാലാവധി. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ, ഭാഗിക/ അംഗവൈകല്യമോ സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പത്ത് ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകും. ഫോൺ: 8943823000 (അഴീക്കോട്), 6282772876 (പെരിഞ്ഞനം), 7561027919 (കയ്പമംഗലം), 8281291940 (നാട്ടിക), 9746164295 (ചാവക്കാട്).

55 വർഷങ്ങൾക്കു ശേഷം ഒരു ഒത്തുചേരൽ

തൃശൂർ: സെന്റ് തോമസ് കോളേജിൽ 5 വർഷങ്ങൾക്കു മുൻപ് ഒരേ ക്ലാസ്സിൽ പഠിച്ചവർ വീണ്ടും ഒന്നിച്ചു കൂടി.

1970 വർഷത്തിൽ തൃശൂർ സെന്റ് തോമസ് കോളേജിൽ പ്രീ ഡിഗ്രി ഫസ്റ്റ് ഗ്രൂപ്പിൽ പഠിച്ചവരാണ് വീണ്ടും ഒത്തു കൂടിയത്. പലർക്കും പേരുകൾ ഓർമയിൽ ഉണ്ടായിരുന്നെങ്കിലും നേരിട്ട് കണ്ടപ്പോൾ പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. പി എൻ ചന്ദ്രൻ, ജോസഫ് അലുക്കൽ, ജെയിംസ് മുട്ടിക്കൽ, വി ജി വർഗീസ്, ബേബി മൂക്കൻ, ജയ്പോൾ തെറാട്ടിൽ, മുരളി, എന്നിവർ നേതൃത്വം നൽകി.

കാരായ്മ അവകാശം സംരക്ഷിക്കണം: വാര്യർ സമാജം

ഇരിങ്ങാലക്കുട: കൂടൽമാണിക്യം ക്ഷേത്രം കാരായ്മ അവകാശം നിർത്തി മറ്റൊരു വ്യക്തിക്ക് നല്കിയത് ദേവസ്വം ബോഡിന്റെ കെടുകാര്യ സ്ഥിതിയാണ് സൂചിപ്പിക്കുന്നത്. ഇതിനെതിരെ സമസ്ത കേരള വാര്യർ സമാജത്തിന്റെ നേതൃത്വത്തിൽ ക്ഷേത്രത്തിനു മുൻവശം നടന്ന പ്രതിഷേധ സംഗമം സമസ്ത കേരള വാര്യർ സമാജം സംസ്ഥാന ജനറൽ സെക്രട്ടറി വി.വി. മുരളീധര വാര്യർ ഉദ്ഘാടനം ചെയ്തു. ക്ഷേത്രത്തിലെ കാരായ്മ കഴകം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. കാരായ്മ കഴകം നടത്താൻ റിക്രൂട്ട്മെന്റ് ബോർഡിന് അവകാശമില്ല കൂടാതെ പിൻവാതിലിലൂടെ വ്യവസ്ഥ ചെയ്യേണ്ടതല്ലതെന്നും, ഇതിനെതിരെ ശക്തമായി കേരളത്തിലങ്ങോളം പ്രതിഷേധം അറിയിക്കുമെന്നും ജനറൽ സെക്രട്ടറി ചൂണ്ടി കാട്ടി. സമാജം ദക്ഷിണ മേഖല സെക്രട്ടറി കെ. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ വി.വി. ഗിരീശൻ, സംസ്ഥാന സെക്രട്ടറി എ.സി. സുരേഷ്, ക്ഷേത്രം തന്ത്രി പ്രതിനിധികളായ നെടുമ്പിള്ളി ഗോവിന്ദൻ നമ്പൂതിരി, തരണനെല്ലൂർ നാരായണൻ നമ്പൂതിരി സമാജം ജില്ല പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണവാരിയർ, മണക്കോട് പരമേശ്വരൻ നമ്പൂതിരി, സി.ജി. മോഹന പിഷാരടി, കെ. ആർ. മോഹനൻ, കെ.വി. രാധാകൃഷ്ണൻ, ടി. ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ഫ്രഞ്ച്, ജർമൻ കോഴ്സുകൾ

തൃശൂർ: മാവേലിക്കര ഐ.എച്ച്ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ഫ്രഞ്ച് എ1, എ2 ലെവൽ, ജർമൻ ബി1, ബി2 ലെവൽ കോഴ്സുകൾ ആരംഭിക്കുന്നു. ഏപ്രിൽ ആദ്യ വാരം ക്ലാസുകൾ തുടങ്ങും. ഓൺലൈനായാണ് ക്ലാസുകൾ നടത്തുക. താൽപര്യമുള്ളവർ പ്രവേശനത്തിനായി കോളേജിൽ നേരിട്ടെത്തണം. ഫോൺ: 9495069307, 8547005046, 9526743283.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട കുടുംബകോടതി മുമ്പാകെ

OP: 1444/2023

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് ടി ദേശത്ത് കല്ലായിൽ അബ്ദുല്ലകുട്ടി മകളും തരുപീടികയിൽ നാസർ@അബ്ദുൾനാസർ ഭാര്യ 52 വയസ് സുഹറാബി

-ഹരജിക്കാരി

എറണാകുളം ജില്ല ആലുവ ദേശത്ത് വെളിയത്തുനാട് അടുവാതുരുത്ത് ദേശത്ത് വാടകക്ക് താമസിച്ചിരുന്ന തരികപീടികയിൽ ആദം 53 വയസ് നാസർ@ അബ്ദുൾ നാസർ

-എതൃകക്ഷി

മേൽ നമ്പ്രിൽ എതിർകക്ഷിക്കുള്ള നോട്ടീസ്, കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തൻ അനുവദിച്ച് മേൽ നമ്പർ കേസ് **11-04-2025** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 21-03-2025

ഹരജിഭാഗം അഡ്വക്കേറ്റ്

യു കെ ജാഫർഖാൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP (MV) 552/2024

സുമയ്യ എം സി

-ഹരജിക്കാരി

1) Sivaprasad T.S., 40 years old, S/o. Sankaran, Thottumoochikkal House, Thali P.O., Pilakkad, Thrissur-680585

2) Arun K.P., 23years, S/o. Subramanian, Kunduparambil House, Peringode P.O., Koottanad, Palakkad-679535

-1, 2 എതൃകക്ഷികൾ

മേൽ നമ്പ്രിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപ്പിച്ച് കേസിന്റെ വിചാരണ **02-06-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 20-03-2025

ഹരജിഭാഗം അഡ്വക്കേറ്റ്

പി ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 646/2024

IA: 1/2024

രേഖ സി കെ

- ഹരജിക്കാരി

കീർത്തി etc.

എതൃകക്ഷി

മേൽ നമ്പർ കേസിലെ 1-ാം എതൃകക്ഷി കീർത്തി, W/o. രഞ്ജിത്ത്, 2/70, പുളിക്കൽ വീട്, ചൂണ്ടൽ പി ഒ., തൃശൂർ എന്നവർക്കുള്ളക്കുള്ള നോട്ടീസ് കല്പന വാസസ്ഥലത്തും ബഹു. എം എ സി ടി യിലും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **16-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 19-3-2025

ഹരജിഭാഗം അഡ്